**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1802** **11-10-2024 - ൽ മറുപടിയ്ക്ക്**

**ടാങ്കർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടാങ്കർ ലോറികൾ മുഖേന ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നതു കണക്കിലെടുത്ത് അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | സ്ഥിരമായി ടാങ്കർ ലോറികൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ഫിറ്റ്നസ് പരിശോധനയ്ക്ക് ഹാജരാക്കുമ്പോഴും, റോഡുകളിൽ വാഹന പരിശോധന നടത്തുമ്പോഴും Speed governor, VLTD, Fire Extinguisher എന്നിവ പ്രവർത്തനക്ഷമമാണോയെന്നും ഡ്രൈവർക്ക് hazardous വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ്/വാഹന ത്തിൽ attendant/മറ്റ് സുരക്ഷാ ഘടകങ്ങൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>കൂടാതെ, വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള Fire Extinguisher സമയ ബന്ധിതമായി പുതുക്കിയിട്ടുണ്ടോ എന്നതും വിശദമായി പരിശോധിക്കാറുണ്ട്. ഫിറ്റ്നസ് പരിശോധനയ്ക്ക് ഹാജരാക്കുന്ന ഹെവി വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഇല്ലായെങ്കിൽ പ്രസ്തുത വാഹനങ്ങളുടെ ഫിറ്റ്നസ് നിരസിക്കുകയും ആയത് ഘടിപ്പിച്ച ശേഷം മാത്രം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയുമാണ് ചെയ്യുന്നത്. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത വാഹനങ്ങളിൽ ഇ-ചലാൻ, ഫിറ്റ്നസ് റദ്ദാക്കൽ, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ഗുരുതര നിയമലംഘനങ്ങളിൽ ഡ്രൈവർമാരുടെ ലൈസൻസിൽമേൽ നടപടികൾ കൈക്കൊള്ളുകയും അപകടങ്ങൾ കുറയ്ക്കുന്നതിനായി Hazardous വാഹനങ്ങളുടെ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും ചെയ്യാറുണ്ട്. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്ന വേളയിൽ ഹസാർഡസ് ട്രയിനിംഗ് സർട്ടിഫിക്കറ്റ് സൂക്ഷ്മമായി പരിശോധിയ്ക്കുന്നുണ്ട്. LPG Bottling Plant- കളിലെ ഡ്രൈവർമാർക്ക് കൃത്യമായ ഇടവേളകളിൽ Road Safety ക്ലാസുകൾ നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു. റൂട്ടിൽ ഇത്യാദി വാഹനങ്ങൾക്ക് മുൻഗണന നൽകി സുരക്ഷ സംവിധാനങ്ങൾ ഉറപ്പു വരുത്തുകയും രാത്രികാലങ്ങളിൽ ഡ്രൈവർമാർക്ക് ബ്രത്ത് അനലൈസർ ടെസ്റ്റ് നടത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ